## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 489 | 28.02.2017 - ൽ മറുപടിയ്ക്ക് |
|---|---|

### മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ നിന്നും ചരക്ക-സേവന നികുതി സമ്പ്രദായത്തിലേക്ക് മാറ്റുമ്പോഴുള്ള നേട്ടങ്ങളും നഷ്ടങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ നിന്നും ചരക്ക-സേവന നികുതി സമ്പ്രദായത്തിലേക്ക് മാറ്റുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളും നഷ്ടങ്ങളും സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ വിശദമായ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ചരക്കുസേവന നികുതി (ജി.എസ്.ടി) പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്ത പ്പെടുന്നത്.<br>ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി. എസ്. ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ വരുത്തുകയും ചെയ്തതിനാൽ, സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നഷ്ടങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന തലത്തിൽ ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ